**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 627** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കോസ്റ്റൽ റെഗുലേഷൻ സോൺ- ലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** തീരദേശ വിജ്ഞാപനം - 2019 പ്രകാരമുള്ള ഇളവുകൾ 16.10.2024 മുതൽ സംസ്ഥാനത്ത് ബാധകമാക്കിയിട്ടുണ്ട്. 2019 തീരദേശ പരിപാലന പ്ലാൻ പ്രകാരം പ്രധാനമായും **CRZ I, CRZ II, CRZ III** മേഖലകളായാണ് തരം തിരിച്ചിട്ടുള്ളത്. ടി വിജ്ഞാപനത്തിലെ സി.ആർ.ഇസഡ് മേഖലകളെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

<u>CRZ I</u>

**<u>അതീവ നിർണ്ണായക പ്രദേശം CRZ I-നെ CRZ I A, CRZ I B എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്.</u>**

**CRZ I A - യിൽ** പുതിയ വാസഗൃഹങ്ങൾക്ക് നിർമ്മാണ അനുമതി അനുവദിക്കുന്നതല്ല. 2019-ലെ തീരദേശ പരിപാലന നിയമത്തിലെ Clause 5 5.1, 5.1.1 (i, ii, iii) -ൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതാണ്.

**<u>CRZ I B</u>- യിലും** പുതിയ വാസഗൃഹങ്ങൾക്ക് നിർമ്മാണ അനുമതി ലഭിക്കുന്നതല്ല. 2019 സിആർ.ഇസഡ് നോട്ടിഫിക്കേഷനിലെ Clause 5, 5.1.2 -ൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് മാത്രം അനുമതി ലഭിക്കുന്നതാണ്.

<u>CRZ II:</u>

വേലിയേറ്റ സ്വാധീനതയുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ 50 മീറ്റർ മാറി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല. എന്നാൽ, ടി ജലാശയം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററിനുള്ളിൽ ആണെങ്കിൽ സി.ആർ.ഇസഡ് അനുമതി ആവശ്യമാണ്. CRZ II വിഭാഗത്തിൽപ്പെട്ട പ്രദേശത്ത് 18.01.2019 തീയതിയ്ക്ക് മുമ്പുള്ള അംഗീകൃത റോഡുകളുടെയോ കെട്ടിടങ്ങളുടെയോ കരയിലേക്കുള്ള ഭാഗത്തു മാത്രം വാസഗൃഹ നിർമ്മാണങ്ങൾക്ക് അനുമതി ലഭിക്കുന്നതാണ്.

<u>CRZ III:</u>

ഈ വിഭാഗത്തെ CRZ IIIA, CRZ IIIB എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

**CRZ III A** -യിൽ കടലിന്റെ വേലിയേറ്റ നിരയിൽ നിന്നും 500മീ വരെ CRZ-ൽ ഉൾപ്പെടുന്നു. വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ മാറി നിർമ്മാണ പ്രവർത്തനങ്ങൾക്ക് CRZ അനുമതി ആവശ്യമില്ല. എന്നാൽ, ടി ജലാശയം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററിനുള്ളിലാണെങ്കിൽ CRZ അനുമതി ആവശ്യമാണ്.

കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെ വികസന നിഷിദ്ധ മേഖലയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവിടെ യാതൊരു പുതിയ നിർമ്മാണ പ്രവർത്തനങ്ങളും അനുവദനീയമല്ല. എന്നാൽ, നിലവിലുള്ള അംഗീകൃത വാസഗൃഹങ്ങളുടെ നിലവിലുള്ള പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി ഉപയോഗം മാറ്റം വരുത്താതെ പുനർനിർമ്മാണം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് അനുമതി നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ ദൂരപരിധിയ്ക്ക് അപ്പുറം (500m വരെ) വാസഗൃഹങ്ങൾക്ക് Ground + First floor, Height 9m എന്ന നിലയിൽ നിജപ്പെടുത്തി അനുമതി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും ഇരുകരയിലും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ഉപയോഗം മാറ്റം വരുത്താതെ അംഗീകൃത വാസഗൃഹത്തിന്റെ അതേ പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി പുനർനിർമ്മാണം/ അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് അനുമതി നൽകുന്നുണ്ട്.

**<u>CRZ III B:</u>**

CRZ III B വിഭാഗത്തിലെ ജലാശയത്തിൽ നിന്നും 50 മീറ്റർ മാറി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല. എന്നാൽ, ടി ജലാശയം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററിനുള്ളിൽ ആണെങ്കിൽ സി. ആർ. ഇസഡ് അനുമതി ആവശ്യമാണ്.

കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. CRZ III B വിഭാഗത്തിൽപ്പെട്ട പ്രദേശത്ത് കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200m വരെ (NDZ) നിലവിലുള്ള അംഗീകൃത വാസഗൃഹത്തിന്റെ നിലവിലുള്ള പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി നിർമ്മാണാനുമതി ഉപയോഗത്തിൽ മാറ്റം വരുത്താതെ (പുനർ നിർമ്മാണം, അറ്റകുറ്റപ്പണി) നല്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന് ദുരന്ത നിവാരണ നിയമങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ച് കൊണ്ടും പൊതുശുചിത്വ മാലിന്യ സംസ്കരണം ഉറപ്പ് വരുത്തിക്കൊണ്ടും മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായും വികസന നിഷിദ്ധ മേഖലയിൽ (വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ ദൂരപരിധി വരെ) അനുമതി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫ്ളോർ സ്പേസ് ഇൻഡക്സ്, നിലവിലുള്ള പ്ലിന്ത് ഏരിയ, നിലവിലുള്ള സാന്ദ്രത എന്നിവയിൽ കവിയാത്ത നിലവിലുള്ള അംഗീകൃത ഘടനയുടെ അറ്റകുറ്റപ്പണികൾ അല്ലെങ്കിൽ പുനർനിർമ്മാണം, പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പരമ്പരാഗത തീരദേശസമൂഹങ്ങളുടെ പാർപ്പിട യൂണിറ്റുകളുടെ നിർമ്മാണം/പുനർനിർമ്മാണം, ആവശ്യമായ ദുരന്ത നിവാരണ വ്യവസ്ഥകളും ശരിയായ ശുചിത്വ ക്രമീകരണങ്ങളും ഉൾപ്പെടുത്തൽ എന്നിവ ഉൾപ്പെടെ ഈ വിജ്ഞാപനത്തിന് കീഴിൽ അനുവദനീയമായ പ്രവർത്തനങ്ങൾ ഒഴികെ CRZ III ലെ NDZ-നുള്ളിൽ ഒരു നിർമ്മാണവും അനുവദനീയമല്ല.

കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ ദൂരപരിധിക്ക് അപ്പുറം (500m വരെ) വാസഗൃഹങ്ങൾക്ക് Ground + First floor, Height 9m എന്ന നിലയിൽ നിജപ്പെടുത്തി നിർമ്മാണ അനുമതി ലഭിക്കുന്നതാണ്.

വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ഉപയോഗമാറ്റം വരുത്താതെ അംഗീകൃത വാസഗൃഹത്തിന്റെ അതേ പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി

പുനർനിർമ്മാണാനുമതി നല്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ മാറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല.

**CRZ IV**

ടി വിഭാഗത്തെ CRZ IV A, CRZ IV B എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. CRZ നോട്ടിഫിക്കേഷൻ 2019-ലെ Clause 5.4 -ൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതാണ്.

**(ബി)** കെട്ടിടങ്ങൾ, Sluice കൾ തുടങ്ങിയ നിർമ്മിതികൾ നിലവിലുണ്ടായിരുന്ന ജനവാസ മേഖലകളെ കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) മാപ്പിൽ എപ്രകാരമാണ് രേഖപ്പെടുത്തുന്നത്; ഇത്തരം പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

**മറുപടി:** 19.02.1991-ന് മുമ്പ് നിർമ്മിച്ചിരുന്ന Bund/Sluice/Gate തുടങ്ങിയവ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 2019 CZMP തയ്യാറാക്കുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി HTL (High Tide Line) രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ Clause 5.2 & 5.3 ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥ അനുസരിച്ച് 300 m2 വരെ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് തലത്തിലും 300m2 മുകളിലുള്ള വാസഗൃഹ നിർമ്മാണങ്ങൾക്കും, മറ്റ് എല്ലാവിധ നിർമ്മാണങ്ങൾക്കും കേരള തീരദേശ പരിപാലന അതോറിറ്റി തലത്തിലും അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

എന്നാൽ, സംസ്ഥാനത്തിൽ ചേരാനല്ലൂർ ഉൾപ്പെടെയുള്ള വിവിധ ഭാഗങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള, "Bund/Sluice/Gate HTL രേഖപ്പെടുത്തിയിട്ടില്ല" എന്ന പരാതികളുടെ അടിസ്ഥാനത്തിൽ, 2019 CZMP-യിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റി വിവിധ തീരദേശ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് 2019 CZMP-യിൽ ആവശ്യമായ ഭേദഗതി / തിരുത്തൽ വരുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** എറണാകുളം മണ്ഡലത്തിലെ ചേരാനെല്ലൂർ പഞ്ചായത്തിലെ Sluice കൾ തുടങ്ങിയ നിർമ്മിതികൾ നിലവിലുണ്ടായിരുന്ന ജനവാസ മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മേഖലകളിലെ ജനങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

**മറുപടി:** 19.02.1991-ന് മുമ്പ് നിർമ്മിച്ചിരുന്ന Bund/Sluice/Gate തുടങ്ങിയവ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 2019 CZMP തയ്യാറാക്കുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി HTL (High Tide Line) രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 2019 സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ Clause 5.2 & 5.3 ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥ അനുസരിച്ച് 300 m2 വരെ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് തലത്തിലും 300m2 മുകളിലുള്ള വാസഗൃഹ നിർമ്മാണങ്ങൾക്കും, മറ്റ് എല്ലാവിധ നിർമ്മാണങ്ങൾക്കും കേരള തീരദേശ പരിപാലന അതോറിറ്റി തലത്തിലും അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

എന്നാൽ, സംസ്ഥാനത്തിൽ ചേരാനല്ലൂർ ഉൾപ്പെടെയുള്ള വിവിധ ഭാഗങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള, "Bund/Sluice/Gate HTL രേഖപ്പെടുത്തിയിട്ടില്ല" എന്ന പരാതികളുടെ അടിസ്ഥാനത്തിൽ, 2019 CZMP-യിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം കേരള തീരദേശ പരിപാലന അതോറിറ്റി വിവിധ തീരദേശ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് 2019 CZMP-യിൽ ആവശ്യമായ ഭേദഗതി / തിരുത്തൽ വരുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**